LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17.61 കിലോമീറ്റർ ദൈർഘ്യമുള്ള വടകര-മാഹി കനാൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ചിരിക്കുന്നു. അവയുടെ പ്രവർത്തന പുരോഗതി താഴെ കൊടുത്തിരിക്കുന്നു :

(1) റീച്ച് 1 (450.080 മുതൽ 454.080 കി.മീ. വരെ) ആർ.ഐ.ഡി.എഫ്. നബാർഡ് XVII-ൽ ഉൾപ്പെടുത്തിയ പ്രവൃത്തി (18.06%) പൂർത്തിയായി. പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ പ്രത്യേകതമൂലം പൈലും സ്ലാബും ഉപയോഗിച്ചുള്ള തീരസംരക്ഷണം സാദ്ധ്യമല്ലാത്തതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(2) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്താൽ നടക്കുന്ന 2 മുതൽ 4 വരെ (3 റീച്ചുകൾ) 454.080 കി.മീ. മുതൽ 464.21 കി.മീ. വരെ ഏകദേശം 60% പണി ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(3) റീച്ച് 5- 464.21 കി.മീ. മുതൽ 467.69 കി.മീ. വരെ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറി ഇനിഷ്യൽ ലെവൽ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 115.75 കോടി രൂപയുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(സി) പാർട്ട് പേയ്മെന്റ് നൽകിയിട്ടുണ്ട്. 25.13% തുക ഇതുവരെ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. മാർച്ച് 2015-ന് പൂർത്തിയാകും.

(ഇ) കല്ലേരി, പറമ്പിൽ, വെങ്ങോളി, കളിയാംവള്ളി, കോട്ടപ്പള്ളി, കന്നിനട പ്രസ്തുത പ്രവൃത്തികൾക്ക് 4.31 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം

229 (2784) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുവരുന്ന നഴ്സുമാർക്ക് നൽകാനായി നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണ് ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമംവേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ലേബർ ഓഫീസർമാർ സ്വകാര്യ ആശുപത്രികളിൽ എത്തുകയും ബന്ധപ്പെട്ടരേഖകൾ പരിശോധിക്കുകയും ചെയ്യാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഹാജർ ബുക്കിലും മറ്റും ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്താതെ ഇവരുടെ വിവരങ്ങൾ ലേബർ ഓഫീസിന് കൈമാറാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേതനം സർക്കാരിന്റെ 5-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായ ടി ഉത്തരവിൽ ഓരോ വിഭാഗത്തിനായുള്ള മിനിമം വേതന നിരക്ക് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികളും കൂടാതെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് നിയമനടപടികൾ സ്വീകരിക്കാനുമുള്ള വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. അതോടൊപ്പംതന്നെ കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമംവേതനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 2014 കാലയളവിൽ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുകയും പരിശോധനാവേളയിൽ ഹാജർ ബുക്കിൽ രേഖപ്പെടുത്താതെ ജോലി ചെയ്യുകയാണെങ്കിൽ ജീവനക്കാരുടെ പേരുവിവരം ഹാജർബുക്കിൽ ചേർക്കാൻ നിർദ്ദേശം നൽകുകയും, ഹാജർ ബുക്കിന്റെ കോപ്പി തൊഴിലുടമയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുകയും ചെയ്യാറുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസൂക്ഷൻ

230 (2785) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. എ. മാധവൻ:
ശ്രീ. എ. റ്റി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ധ തൊഴിൽ പരിശീലനം നൽകി, കൺസ്ട്രക്ഷൻ രംഗത്ത് പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക വഴി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻറ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly